അങ്കമാലി-ശബരിമല റെയിൽപ്പാത

125 (492) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്കും മലയോരമേഖലയിലെ ജനങ്ങൾക്കും പ്രയോജനപ്പെടുന്ന അങ്കമാലി-ശബരിമല റെയിൽപ്പാതയുടെ സർവ്വേ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര കിലോമീറ്റർ ദൂരത്തിലാണ് പുതുതായി റെയിൽവേ ലൈൻ സ്ഥാപിക്കേണ്ടത് ; ഇതിനായി എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ട് ; ഏതൊക്കെ വില്ലേജുകളിൽ എത്ര ഏക്കർ ഭൂമി വീതമാണ് എറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇനിയും ഏതൊക്കെ വില്ലേജുകളിൽ നിന്നും എത്രയൊക്കെ ഭൂമി ഏറ്റെടുക്കാനുണ്ട് ; ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഡി) ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അന്തിമ ലൊക്കേഷൻ സർവ്വേ 2012-ൽ പൂർത്തീകരിക്കുകയും 72 കിലോമീറ്റർ ദൂരം അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് കോട്ടയം ജില്ലയിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും റവന്യൂ/റെയിൽവേ ഉദ്യോഗസ്ഥരുടെയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് പുതുക്കി നിശ്ചയിക്കേണ്ടി വന്നു. അന്തിനാട് മുതൽ എരുമേലി വരെയുള്ള പുതുക്കിയ അലൈൻമെന്റ് റെയിൽവേയുടെ അംഗീകാരത്തിനായി പരിഗണനയിലാണ്.

(ബി) അങ്കമാലി-എരുമേലി വരെ നിർദ്ദിഷ്ട റെയിൽ ലൈനിന്റെ നീളം 116 കിലോമീറ്ററാണ്. ഇതിനായി 470.7723 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി ഉണ്ട്. എറണാകുളം ജില്ലയിൽ അങ്കമാലി വില്ലേജിൽനിന്നും 2.88 ഹെക്ടറും നെടുമ്പാശ്ശേരി വില്ലേജിൽനിന്നും 4.78 ഹെക്ടറും മറ്റൂർ വില്ലേജിൽനിന്നും 10.23 ഹെക്ടറും വടക്കുഭാഗം വില്ലേജിൽനിന്നും 5.34 ഹെക്ടറും ചേലാമറ്റം വില്ലേജിൽ നിന്നും 1.17 ഹെക്ടറും ഉൾപ്പെടെ ആകെ 24.4 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

ക്രമ നമ്പർ	വില്ലേജ്	വിസ്തീർണ്ണം (ഹെക്ടറിൽ)
1	ചേലാമറ്റം	7.1184
2	പെരുമ്പാവൂർ	12.4964
3	കുവപ്പടി	7.8910
4	വേങ്ങൂർ വെസ്റ്റ്	7.9900
5	അശമന്നൂർ	23.9500
6	രായമംഗലം	00.6500
7	എരമല്ലൂർ	23.4100
8	കോതമംഗലം	19.3300
9	മുളവൂർ	5.5100
10	വെള്ളൂർക്കുന്നം	3.6600
11	മൂവാറ്റുപുഴ	22.1500
12	ഏനാനെല്ലൂർ	4.9300
13	മഞ്ഞള്ളൂർ	30.1500
14	മണക്കാട്	7.2000
15	തൊടുപുഴ	15.5200
16	കരിങ്കുന്നം	23.5000
17	രാമപുരം	13.6300
18	കടനാട്	1.3700
19	വെള്ളിലപ്പള്ളി	21.2600
20	ളാലം	19.4900
21	ഭരണങ്ങാനം	10.7000
22	തലപ്പലം	22.4400
23	കോണ്ടൂർ	12.800
24	ഈരാറ്റുപേട്ട	7.9600
25	ചിറക്കടവ്	14.9500
26	ചിറക്കടവ്	47.5100
27	കുവപ്പള്ളി	25.3300
28	എരുമേലി സൗത്ത്	35.4665

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടിന്റെ അഭാവമാണ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ കാരണം.

2015-16 റെയിൽവേ ബഡ്ജറ്റിൽ 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണച്ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ ആവശ്യത്തിന്മേൽ സംസ്ഥാന സർക്കാർ ആദ്യകാലം മുതൽ അനുകൂലമായ നിലപാട് സ്വീകരിച്ചില്ല എന്ന കാരണത്താൽ അങ്കമാലി-ശബരി റെയിൽവേ പ്രോജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് റെയിൽവേ ബോർഡ് അംഗീകരിച്ചിട്ടില്ല. ആയതിനാൽ കാലടിക്ക് ശേഷമുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയിൽനിന്നും റെയിൽവേ താൽക്കാലികമായി പിന്നോട്ട് പോവുകയാണ് ഉണ്ടായത്.

എന്നാൽ ഇപ്പോൾ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ ആകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

സബർബൻ റെയിൽ പദ്ധതി

126 (493) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന സബർബൻ റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ റെയിൽ മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്ന് അറിയിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി നടപ്പായാൽ ഉണ്ടാകാവുന്ന നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

(എ) സബർബൻ ടെയിൻ പദ്ധതിയുടെ സാദ്ധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തിയ മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ കമ്പനി പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തിയശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) സമർപ്പിക്കുകയുണ്ടായി. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly